## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ - 1719 06.07.2015- ലെ മറുപടിക്ക്

## സർക്കാർ പ്രഖ്യാപിത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സാം പിത്രോഡ 2012 ജനുവരി 15-ന് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം: | (എ) ശ്രീ.സാം പിത്രോഡ 2012 ജനുവരി 25 ന് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പത്ത് പദ്ധതികളാണ് സർക്കാർ ആദ്യം പ്രഖ്യാപിച്ചത്.<br>1.തീരദേശ ജലപാത<br>2.നോളജ് സിറ്റി<br>3.മാലിന്യ പരിപാലനം<br>4.ഇ-ഗവേണൻസ്<br>5.സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകും വിധം ഉപയോഗിക്കുക<br>6.ആയുർവേദത്തിന്റെ ആധുനീകരണം<br>7.നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും<br>8.ആരോഗ്യ ഇൻഷ്വറൻസ്<br>9.പരമ്പരാഗത മേഖലകളുടെ ആധുനീകരണം<br>10.ഹൈ സ്പീഡ് റെയിൽ കോറിഡോർ<br>പത്തിന പദ്ധതി നിർദ്ദേശങ്ങളിൽ "ആരോഗ്യ ഇൻഷ്വറൻസ്" ഒഴികെയുള്ള മറ്റു പദ്ധതി നിർദ്ദേശങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. |
| (ബി) ഓരോ പദ്ധതിയുടെയും നിർവ്വഹണ | (ബി) 1."സർവ്വീസിൽ നിന്നും വിരമിച്ചവരുടെ |

പുരോഗതിയും ഇതിനകം ചെലവാക്കിയ തുക സംബന്ധിച്ചുള്ള വിവരവും നൽകുമോ;

വൈദഗ്ദ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകും വിധം ഉപയോഗിക്കുക എന്ന പദ്ധതിയുടെ റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയുംകൺസോർഷ്യം ഓഫ് റിട്ടയേർഡ് എക്സ്പേർട്ട്സ് ഫോർ ഡെവലപ്മെന്റ്" എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

2.ഹൈസ്പീഡ് റെയിൽകോറിഡോറിന്റെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

3.നോളജ്സിറ്റി പദ്ധതി ടെക്നോപാർക്കിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്ത് സ്ഥാപിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. പൊതു-സ്വകാര്യപങ്കാളിത്തത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിക്ക് നിക്ഷേപകരെ തേടി താൽപര്യപത്രം ക്ഷണിച്ചിരുന്നു. രണ്ട് കമ്പനികൾ താൽപര്യമറിയിച്ചിട്ടുണ്ട്.

4.മറ്റ് പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതികൾ തുടർച്ചഅൺ സ്റ്റാർഡ് ആയി അനുവദിക്കാവുന്നതാണ്ചയായി അവലോകനം ചെയ്തിരുന്നോ;ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത്

(സി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൊത്തത്തിലുള്ള അവലോകനം അവസാനമായി നടന്നത് 2013 മെയ് 9 നാണ്. പദ്ധതികൾ പ്രത്യേകമായും അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാന

| | | | |
|---|---|---|---|
| | എപ്പോഴായിരുന്നു; വ്യക്തമാക്കുമോ; | | ആസൂത്രണ ബോർഡ് വൈസ് ചെയർമാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും തുടർച്ചയായി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. |
| (ഡി) | പദ്ധതികൾക്കാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിരുന്നോ; വ്യക്തമാക്കാമോ; | (ഡി) | നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വികസന പദ്ധതികളിലെ തീരദേശ ജലപാത. മാലിന്യപരിപാലനം,നൈപുണ്യവികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും. ഇ-ഗവേണൻസ്, നോളജ്സിറ്റി എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി യഥാക്രമം 1166 ലക്ഷം, 5098 ലക്ഷം 23498 ലക്ഷം,2993 ലക്ഷം, ഒരു ലക്ഷം എന്നിങ്ങനെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | പദ്ധതികൾ എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ? | (ഇ) | പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.